gulfmadhyamam
2014 ആഗസ്റ്റ് 13 ● ബുധൻ



# കുഞ്ഞിമരക്കാറിൻെറ കുടുംബത്തിന് ഒരുമ സഹായം കൈമാറി

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹ്യക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച മലപ്പുറം തിരൂർ നോർത്ത് മുത്തൂർ ചക്കാലക്കൽ കുഞ്ഞിമരക്കാറിൻെറ കുടുംബത്തിനുള്ള സഹായം കൈമാറി. സഹായധനമായ രണ്ട് ലക്ഷം രൂപ കെ.ഐ.ജി പ്രസിഡൻറ് കെ.എ. സുബൈർ പരേതൻെറ കുവൈത്തിലുള്ള ബന്ധുക്കൾക്ക് കൈമാറി.

പ്രവാസി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കെ.ഐ.ജി ആക്ടിങ് ജനറൽ സെക്രട്ടറി എൻ.പി. അബ്ദുറസാഖ്, ഒരുമ കൺവീനർ എ.സി. മുഹമ്മദ് സാജിദ് എന്നിവർ സംബന്ധിച്ചു. കെ.ഐ.ജിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പദ്ധതിയിൽ അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും നൽകി അംഗമാകുന്നവർ മരിച്ചാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ട് ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർ മരിച്ചാൽ മൂന്ന് ലക്ഷം രൂപയുമാണ് നൽകുക. കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.